68 (523) പ്ലസ് ടൂ കോഴ്സുകൾ അനുവദിച്ച വിദ്യാലയങ്ങൾ

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ പ്ലസ് ടൂ കോഴ്സുകൾ അനുവദിച്ച വിദ്യാലയങ്ങളുടെ പേരുവിവരങ്ങളും ഓരോന്നിലും അനുവദിച്ച ബാച്ചുകളുടെ എണ്ണവും നൽകുമോ;

(ബി) ആലപ്പുഴ ജില്ലയിൽ ഹരിപ്പാട്, മാവേലിക്കര, പന്തളം, ചെങ്ങന്നൂർ, കുട്ടനാട്, ആലപ്പുഴ, മരാരിക്കുളം, ചേർത്തല. അരൂർ, ആമ്പലപ്പുഴ എന്നീ മണ്ഡലങ്ങളിലും കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി മണ്ഡലത്തിലും പത്തനംതിട്ട ജില്ലയിലെ അടൂർ, തിരുവല്ല, കല്ലൂപ്പാറ എന്നീ മണ്ഡലങ്ങളിലും കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി മണ്ഡലത്തിലും ഉൾപ്പെടുന്ന ഹൈസ്കൂളുകളോട് ചേർത്ത് പ്ലസ് ടൂ കോഴ്സുകൾ അനുവദിച്ചിട്ടുള്ളത് എവിടെയൊക്കെയാണെന്നും അതിൽ ഓരോന്നിലും എത്ര ബാച്ചുകൾ വീതമാണെന്നും അറിയിക്കുമോ;

(സി) പ്ലസ്ടൂ കോഴ്സ് അനുവദിച്ച മേൽപ്പറഞ്ഞ ഹൈസ്കൂളുകളിൽ കൂടുതൽ പ്ലസ്ടൂ കോഴ്സുകൾ നൽകാൻ ഉദ്ദേശമുണ്ടോ?

ഉത്തരം

(എ) സർക്കാർ മേഖലയിൽ കായംകുളം ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്കൂളിലും സ്വകാര്യ മേഖലയിൽ കായംകുളം എം.എസ്.എം. ഹയർ സെക്കന്ററി സ്കൂളിലുമാണ് പ്ലസ്ടൂ കോഴ്സുകൾ അനുവദിച്ചിട്ടുള്ളത്. ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂളിൽ രണ്ട് സയൻസ് ബാച്ചുകളും ഒരു ഹ്യൂമാനിറ്റീസ് ബാച്ചും ഒരു കോമേഴ്സ് ബാച്ചും അനുവദിച്ചിട്ടുണ്ട്. എം.എസ്.എം. ഹയർ സെക്കന്ററി സ്കൂളിൽ മൂന്ന് സയൻസ് ബാച്ചുകളും ഒരു കോമേഴ്സ് ബാച്ചുമാണ് അനുവദിച്ചിട്ടുള്ളത്.

(ബി) വിശദാംശങ്ങൾ അടങ്ങിയ ലിസ്റ്റ് ഉള്ളടക്കം ചെയ്യുന്നു.†

(സി) അപേക്ഷ നൽകിയാൽ പരിശോധിക്കുന്നതാണ്.

69 (529) എൻട്രൻസ് പരീക്ഷാ പരിഷ്ക്കാരം

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എൻട്രൻസ് പരീക്ഷയുടെ നടത്തിപ്പിൽ മാറ്റം വരുത്താൻ ആവശ്യമായ നിർദ്ദേശം നൽകുവാൻ കമ്മിറ്റിയെ നിയമിക്കുകയുണ്ടായോ;

(ബി) ആരെല്ലാമായിരുന്നു അതിലെ അംഗങ്ങൾ;

(സി) പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചുവോ;

(ഡി) എങ്കിൽ എന്തെല്ലാം ശുപാർശകളാണ് നൽകിയിട്ടുള്ളത്;വിശദമാക്കുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1116/2010.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പ്രസ്തുത ശുപാർശകളിന്മേൽ എന്തുനടപടി സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോഴിക്കോട് ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഡയറക്ടർ ഡോ: എ.കെ. കാർലോ, മദ്രാസിലെ ഐ.ഐ.ടി.യിലെ ഫിസിക്സ് പ്രൊഫസറും ജോയിന്റ് എൻട്രൻസ് എക്സാമിനേഷൻ ചെയർമാനുമായ ഡോ. ജി. രംഗരാജൻ, കോഴിക്കോട് റീജിയണൽ എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പൽ ഡോ. എം.പി. ചന്ദ്രശേഖരൻ.

(സി) ഉണ്ട്.

(ഡി) ശുപാർശകൾ അനുബന്ധം ഒന്ന് ആയി ചേർത്തിട്ടുണ്ട്.†

(ഇ) അടുത്ത അദ്ധ്യായന വർഷത്തിലേയ്ക്കുള്ള പ്രവേശനപരീക്ഷയിൽ നടപ്പാക്കേണ്ട ശുപാർശകൾ അംഗീകരിച്ച് 22.11.99-ൽ ജി.ഒ. (എം.എസ്.) 153/99/ഉവിവ. എന്ന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (അനുബന്ധം-2) 2001-2002 മുതൽ നടപ്പാക്കേണ്ട ദീർഘകാല പരീക്ഷ പദ്ധതിയെപ്പറ്റി ശുപാർശ ചെയ്യാൻ ഒരു മന്ത്രിസഭാ ഉപസമിതിയെ നിയോഗിച്ചിട്ടുണ്ട്.

70 (534) വയോജന വിദ്യാഭ്യാസവും സാക്ഷരതാ പ്രവർത്തനവും

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എൻ.ഇ.എസ്. ബ്ലോക്കുകൾ വഴി നടപ്പിലാക്കിയ വയോജന വിദ്യാഭ്യാസത്തേയും സാക്ഷരതാ മിഷനിലൂടെ നടപ്പാക്കിയ സാക്ഷരതാ പ്രവർത്തനത്തേയും ആധികാരികമായ വിലയിരുത്തലിന് വിധേയമാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് വ്യക്തമാക്കുമോ; തുടർവിദ്യാഭ്യാസ പരിപാടി എങ്ങനെയുള്ളവരെ ലക്ഷ്യം വച്ചാണ് നടപ്പിലാക്കുന്നത്;

(സി) തുടർവിദ്യാഭ്യാസ പരിപാടിയിൽ എന്തെല്ലാം കാര്യങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്;

(ഡി) സാക്ഷരതാമിഷൻ നടപ്പിലാക്കുവാൻ ശ്രമിക്കുന്ന തുല്യതാ പരിപാടി, ചെയ്യുന്ന തൊഴിൽ മെച്ചപ്പെടുത്താനും മെച്ചമായ തൊഴിലുകൾ നേടാനും ലക്ഷ്യമാക്കിയിട്ടുള്ളതാണോ;

(ഇ) എങ്കിൽ അവ നേടുന്നതിന് എന്താണ് മാർഗ്ഗങ്ങൾ എന്ന് വിശദീകരിക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly